<u>അറിയിപ്പ്</u>

<u>മി. സ്പീക്കർ</u>: ഓർഡർ......ഓർഡർ..... കോവിഡ്-19 മൂന്നാം തരംഗവുമായി ബന്ധപ്പെട്ട സുരക്ഷാസന്നാഹങ്ങളെക്കുറിച്ചുള്ള ഒരു പരിശീലന പരിപാടി, ബഹുമാനപ്പെട്ട അംഗങ്ങൾക്കായി സഭാനടപടികൾക്കുശേഷം, മെമ്പേഴ്സ് ലോഞ്ചിൽ ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രമുഖ ഡോക്ടർമാരാണ് അതിന് നേതൃത്വം കൊടുക്കുന്നത്. ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടി നീണ്ടുപോയേക്കാമെന്ന് കരുതി മൂന്നര മണിക്ക് തുടങ്ങുമെന്നാണ് അറിയിച്ചിരുന്നത്. ഇപ്പോൾ സമയം രണ്ടരയായിട്ടേയുള്ളൂ. അവർ ഇപ്പോൾ എത്തിച്ചേർന്നു കാണുമെന്ന് കരുതുന്നു. അതുകൊണ്ട് മൂന്നു മണിക്കുതന്നെ തുടങ്ങാൻ കഴിയും. ഈ പരിശീലന പരിപാടി എം.എൽ.എ.-മാർക്ക് വളരെ പ്രയോജനപ്പെടുന്ന ഒന്നാണ്. ഈ പരിപാടിയിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്ഥലം ഈ മന്ദിരത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലുള്ള ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച് ആണ്.